**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4005** **27-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഏകീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ട് സ.ഉ.(കൈ) നം.106/2020/ ത.സ്വ.ഭ.വ തീയതി, 17.07.2020 പ്രകാരം ഉത്തരവായിരുന്നു. ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ തയാറാക്കി സമർപ്പിച്ച സ്റ്റേറ്റ് സർവീസിന്റെയും സബോർഡിനേറ്റ് സർവീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങൾ സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ 22.12.2020-ൽ പ്രസിദ്ധീകരിച്ചു. 2021 ഫെബ്രുവരി 15-ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ സർവ്വീസ് സംഘടനകളുമായി വെർച്ചൽ മീറ്റിംഗ് നടത്തിയിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെയും സെക്രട്ടറിമാരുടെ കമ്മിറ്റിയോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയിരുന്നു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19.07.2010-ലെ 11884/R1/2007/P&ARD നമ്പർ Circular (Simplified procedure for framing Special Rules)പ്രകാരമുള്ള നടപടിക്രമം പാലിച്ച് സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാതല ഓഫീസുകൾ എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളും പൂർത്തിയാക്കി വരുന്നു. |
| (ബി) | ഏകീകരിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഘടന എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19.07.2010-ലെ 11884/R1/2007/P&ARD നമ്പർ Circular (Simplified procedure for framing Special Rules)പ്രകാരമുള്ള നടപടിക്രമം പാലിച്ച് സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാതല ഓഫീസുകൾ എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളും പൂർത്തിയാക്കി വരുന്നു. |
| (സി) | തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരിക്കുന്നത് വഴി വകുപ്പിനും സർക്കാരിനും ഉണ്ടാവുന്ന സാമ്പത്തിക ബാധ്യതകളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | (സി) | കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാകുന്ന മുറയ്ക്ക് മാത്രമേ സാമ്പത്തിക ബാധ്യതകളെ സംബന്ധിച്ച് വിലയിരുത്തുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ